പതിമൂന്നാം കേരള നിയമ സഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 404 | 07.01.2014 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കേന്ദ്ര സർക്കാർ 2012 ജൂലൈ മാസത്തിൽ കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് പദ്ധതിയുടെ സാക്ഷാൽക്കാരത്തിനു വേണ്ടി കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ തുല്യ ഓഹരി പങ്കാളിത്തമുള്ള ഒരു പൊതുമേഖലാ കമ്പനിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കമ്പനി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടു. കേന്ദ്ര സംസ്ഥാന സർക്കാരുകളും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ചേർന്ന് 2013 നവംബർ 4-ാം തീയതി ഒരു ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുകയും അതു പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരാർ ജോലി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിയ്ക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിനു മുന്നോടിയായി അഞ്ച് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയതിൽ സലിം രാജൻ റെയിൽ മേൽപാലത്തിന്റെ നിർമ്മാണവും, എറണാകുളം നോർത്ത് മേൽപാലത്തിന്റെ വിപുലീകരണവും സമയബന്ധിതമായി പൂർത്തിയാക്കി പൊതുഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ശേഷിക്കുന്ന ജോലികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരുന്നു. മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2013 ജൂൺ 7-ാം തീയതി ബഹു.കേരള മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പദ്ധതിയ്ക്കാവശ്യമായ 70%ത്തോളം ഭൂമി ഇതിനോടകം ഏറ്റെടുത്തുകഴിഞ്ഞു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ രാപ്പകൽ ഭേദമന്യേ |

| | | | |
|---|---|---|---|
| | | | അനുസ്യൂതം നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി 17 തൂണുകൾ പൂർത്തീകരിക്കപ്പെട്ടു. |
| (ബി) | മെട്രോ റെയിൽ പ്രവർത്തനത്തിനുള്ള ധനസമാഹരണത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ ഓഹരി പങ്കാളിത്തമുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 5181.79 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സർക്കാർ വിഹിതമായ 3172.23 കോടി രൂപയിൽ 1500 കോടി ഫ്രഞ്ച് ഏജൻസിയായ Agence Francaise de Development (എ.എഫ്.ഡി.) ൽ നിന്നും 670 കോടി കാനറ ബാങ്കിൽ നിന്നുമുള്ള ദീർഘകാല വായ്പയാണ്. 753.73 കോടി വീതം മൊത്തം 1507 കോടി രൂപ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഓഹരി മൂലധനമാണ്. 248.5 കോടി രൂപ വീതം 497 കോടി രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നികുതിയിളവ് നൽകുന്നുണ്ട്. കൂടാതെ 237.33 കോടി രൂപ സംസ്ഥാന നികുതിയിളവും നൽകുന്നുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 672 കോടി രൂപയും. വസ്തു വികസനത്തിനായുള്ള 98 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | (സി) | വിവിധ തലത്തിലുള്ള സമിതികളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പദ്ധതി നടത്തിപ്പിന്റെ ദിശയും പുരോഗതിയും വിലയിരുത്താനായി താഴെപ്പറയുന്ന വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1 കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന പ്രോജക്ട് സ്റ്റിയറിംഗ് കമ്മിറ്റി.<br>2 ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി,<br>3 മുഖ്യമന്ത്രി സ്ഥിരം ക്ഷണിതാവായിക്കൊണ്ടുള്ള മന്ത്രിമാരടങ്ങുന്ന ഒരു പരമാധികാര സമിതി,<br>4 ഡയറക്ടർമാരുൾപ്പെടുന്ന ഉപസമിതികൾ,<br>5 സുതാര്യതയും പൊതുപങ്കാളിത്തവും കൂടുതൽ ഉറപ്പുവരുത്തുന്നതിനു വേണ്ടി ജില്ലാഭരണകൂടം, കൊച്ചി കോർപ്പറേഷൻ, |

| | | | |
|---|---|---|---|
| | | | നഗരവികസന അതോറിറ്റി, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, കൊച്ചി സർവ്വകലാശാല, മലിനീകരണ നിയന്ത്രണ ബോർഡ്, വിവിധ മേഖലകളിലെ പ്രമുഖർ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള നിരവധി ഉപദേശക സമിതകൾ ടി എല്ലാ സമിതികളും യോഗങ്ങൾ നടത്തുകയും, തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | മെട്രോ റെയിലിന്റെ പ്രവർത്തനങ്ങൾ എന്നു പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് വിശദാംശങ്ങൾ നൽകാമോ? | (ഡി) | നിർമ്മാണം ആരംഭിക്കുന്നതു മുതൽ 4 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകിയപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ